## കിനാലൂർ
## ജനകീയ സമരങ്ങളോടുള്ള വെല്ലുവിളി

കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ സ്ഥാപിക്കുന്ന വ്യവസായ പാർക്കിലേക്ക് നാലുവരിപാത നിർമ്മിക്കുന്നതിനെതിരെ നടന്ന സമരത്തിന് നേരെ പൊലീസ് നടത്തിയ ബലപ്രയോഗം ജനകീയ സമരങ്ങളോടുള്ള വെല്ലുവിളിയായി. സമരപ്രവർത്തകർ തദ്ദേശവാസികളല്ലെന്നും നുഴഞ്ഞുകയറ്റക്കാരാണെന്നുമുള്ള സർക്കാറിന്റെ പതിവ് വാദം കിനാലൂരിലും ആവർത്തിച്ചു. സമരത്തിൽ പങ്കെടുത്ത സ്ത്രീകൾക്ക് നേരെ പൊലീസ് നടത്തിയ അതിക്രമത്തെ ന്യായീകരിച്ച് സംസാരിച്ച (അവർ അടിചോദിച്ച് വാങ്ങാൻ വന്നവരാണ്) വനിതാകമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് ഡി. ശ്രീദേവിയുടെ പരാമർശവും അപലപനീയമാണ്. ഭൂമി ഏറ്റെടുക്കണോ വേണ്ടയോ എന്നറിയാൻ ഹിതപരിശോധന നടത്താമെന്ന മന്ത്രി തോമസ് ഐസക്കിന്റെ നിർദ്ദേശം അദ്ദേഹം തന്നെ അവതരിപ്പിച്ച് കൈയടി വാങ്ങിയ ഗ്രീൻ ബഡ്ജറ്റിന്റെ ഉള്ളടക്കങ്ങളുടെ നിലപാടില്ലായ്മ പുറത്ത് കൊണ്ടുവരുന്നു. ജനാധികാരമുള്ള വിഭവമെന്ന നിലയിൽ ഭൂമിയെ അംഗീകരിക്കാത്ത ഇടതുപക്ഷ സർക്കാറിന്റെ പൊതു നിലപാട് തന്നെയാണ് കിനാലൂരിലും ആവർത്തിച്ചത്.


പ്രിയ കേരളീയം വായനക്കാരാ/രി,
**വരിസംഖ്യ 120/- രൂപ**
*അയച്ചുതന്ന് സഹകരിക്കുമല്ലോ*
കൂടാതെ
സംഭാവന, അറിയിപ്പുകൾ, വാർത്തകൾ, വിശകലനങ്ങൾ


ബിജു.എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പിന് അപേക്ഷകൾ ക്ഷണിച്ചു. താത്പര്യമുള്ള 35 വയസ്സിൽ താഴെയുള്ളവർ 'ഭൂമിയും വികസനം സൃഷ്ടിക്കുന്ന ആഘാതങ്ങളും' എന്ന വിഷയത്തിൽ ചെയ്യാൻ കഴിയുന്ന റിപ്പോർട്ടിന്റെ രൂപരേഖയും ഒരു പരിസ്ഥിതി വിഷയത്തെക്കുറിച്ചുള്ള 10 പേജിൽ കുറയാത്ത റിപ്പോർട്ടും ജൂൺ 15നം മുമ്പ് കേരളീയത്തിന് അയയ്ക്കുക.

## വളപട്ടണം കണ്ടൽതീം പാർക്ക്
## പ്രതിഷേധം തുടരുന്നു

വ്യാപകമായ രീതിയിൽ കണ്ടൽകാടുകൾ നശിപ്പിച്ച് സി.പി.എമ്മിന്റെ പിന്തുണയോടെ തുടങ്ങിയ വളപട്ടണത്തെ കണ്ടൽ തീം പാർക്കിനെതിരെയുള്ള പരിസ്ഥിതി പ്രവർത്തകരുടെ പ്രതിഷേധങ്ങൾ തുടരുന്നു. ടൂറിസം വികസനം തടയുന്ന വികസന വിരുദ്ധരെ പ്രതിരോധിക്കാനുള്ള സി.പി.എമ്മിന്റെ നീക്കങ്ങളും ശക്തമാണ്. കണ്ടൽ പാർക്കിലേക്ക് ഒരു ദിവസം എത്തുന്ന ആളുകളുടെ എണ്ണം മാത്രം കണക്കിലെടുത്താൽ തന്നെ ആ ജൈവമേഖലയുടെ നിലനിൽപ്പ് അപകടത്തിലാണെന്ന് ഉറപ്പിക്കാൻ കഴിയുമെന്ന് സമരപ്രവർത്തകർ പറയുന്നു.

## പ്ലാച്ചിമട സമരസമിതി
## നിവേദനങ്ങൾ നൽകി

പ്ലാച്ചിമട നിവാസികൾക്ക് കോളകമ്പനി നഷ്ടപരിഹാരം നൽകണമെന്ന ഉന്നതാധികാര സമിതിയുടെ ശുപാർശ നിയമപരിരക്ഷയോടെ നടപ്പാക്കാൻ സംസ്ഥാന സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ആവശ്യപ്പെട്ട് പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമരസമിതി കേന്ദ്ര പ്രതിരോധ മന്ത്രി എ.കെ. ആന്റണി, സി.പി.എം ദേശീയ ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട്, സി.പി.ഐ ദേശീയ ജനറൽ സെക്രട്ടറി എ.ബി. ബർദാൻ എന്നിവർക്ക് നിവേദനം നൽകി. കൊക്കകോളയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാൻ ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് സർക്കാർ വേഗത്തിൽ നടപടി സ്വീകരിക്കണമെന്ന് നിവേദനം ആവശ്യപ്പെടുന്നു. ബന്ധങ്ങൾക്ക്- 9744831675


Registered KL/CR/TCR/353/2009-11
Posted at Thrissur RMS/2 on 21/05/2010

കേരളീയം
ലക്കം 5 . പുസ്തകം 11 . 2010 മെയ് .
1185 മേടം-ഇടവം . പേജ് 1 . വില 10 രൂപ

To
..........................................................
..........................................................
..........................................................
..........................................................

കേരളീയം
മുനിസിപ്പൽ മാർക്കറ്റ് ബിൽഡിംഗ്,
കൊക്കാലെ, തൃശൂർ-21.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21. Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com


## നെൽകൃഷി സംരക്ഷിക്കുന്നതിനുള്ള
## സമരങ്ങൾ ശക്തമാകുന്നു

കളിമൺഖനനം തടയാനും നെൽവയലുകൾ സംരക്ഷിക്കാനുമുള്ള സമരങ്ങൾ തൃശൂർ ജില്ലയിൽ വീണ്ടും സജീവമായി. സ്വകാര്യമേഖലയിലെ കളിമണ് ഖനനം പൂർണ്ണമായും നിരോധിക്കുക, നെൽവയൽ സംരക്ഷണനിയമം കർശനമായി നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ജില്ലാ നെൽവയൽ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ മെയ് 17 മുതൽ തൃശൂർ കളക്ട്രേറ്റിന് മുന്നിൽ ഭൂരക്ഷാസമരം തുടങ്ങി. പാടങ്ങളിലെ ഖനനം അവസാനിക്കുന്നതുവരെ അനിശ്ചിതമായി നീളാനാണ് സമരം ഉദ്ദേശിക്കുന്നത്. കോൾ നിലങ്ങളെ സംരക്ഷിക്കുന്നതിനും നെൽകൃഷി വ്യാപിപ്പിക്കുന്നതിനുമായി നടന്ന മുരിയാട് സമരവും വീണ്ടും സജീവമായി. ജില്ലയിലെ പുതുക്കാട് കളിമൺ ഖനനത്തിനെതിയവരെ നാട്ടുകാർ തടഞ്ഞത് സംഘർഷമുണ്ടാക്കി. ബന്ധങ്ങൾക്ക്- 9961275752

## നെൽവയൽ സംരക്ഷണനിയമം അട്ടിമറിക്കുന്നു

ഓട്ടുകമ്പനിക്കാരെ സഹായിക്കാനെന്ന പേരിൽ കളിമൺഖനനത്തിനായി പ്രത്യേക ഉത്തരവിറക്കി വ്യവസായവകുപ്പ് ഇടതു സർക്കാർ തന്നെ കൊണ്ടുവന്ന നെൽവയൽ സംരക്ഷണനിയമത്തെ അട്ടിമറിക്കുന്നു. ഇതിനെതിരെ മുഖ്യധാരാരാഷ്ട്രീയ കക്ഷികൾ പലരും മൗനം പാലിക്കുമ്പോൾ പരിസ്ഥിതി സംഘടനകൾ രംഗത്തിറങ്ങി. പാടങ്ങളിൽ എന്ത് പരിവർത്തനം നടത്തുമ്പോഴും അതാത് പഞ്ചയാത്തിലെ കൃഷി ഉദ്യോഗസ്ഥനും കർഷകരും പഞ്ചായത്ത് സെക്രട്ടറിയും അടങ്ങുന്ന സമിതിയുടെ അംഗീകാരം നേടണമെന്നാണ് നെൽവയൽ സംരക്ഷണ നിയമത്തിലുള്ളത്. ഈ അനുമതിക്ക് കലക്ടർ ചുമതലയുടെ ജില്ലാസമിതിയുടെ അംഗീകാരവും ലഭിക്കണം. എന്നാൽ ഓട്ടുകമ്പനിക്കാർക്ക് കളിമണ് ലഭിക്കാതായത് നിർമ്മാണമേഖലയിൽ പ്രശ്നമായതോടെ നിരന്തരം ചർച്ച നടത്തിയതിനെതുടർന്ന് മാർച്ചിൽ വ്യവസായവകുപ്പ് ഖനനത്തിന് പ്രത്യേക ഉത്തരവ്(ജി.ഒ നമ്പർ.54/ 2010/ ID) ഇറക്കുകയായിരുന്നു.

## കാതിക്കുടം- സമരപ്രവർത്തകരെ അറസ്റ്റ് ചെയ്തു

കാതിക്കുടം നിറ്റാജലാറ്റിൻ കമ്പനിയുടെ മലനീകരണത്തിനെതിരെ സമരം നടത്തുന്ന ആക്ഷൻകൗൺസിൽ പ്രവർത്തകരെ പൊലീസ് വീണ്ടും അറസ്റ്റ് ചെയ്തു. ഏപ്രിൽ 14ന് ആക്ഷൻ കൗൺസിൽ നടത്തിയ 'വിഷക്കണി' സമരത്തിനെത്തിയവർ പൊലീസിന്റെ കൃത്യനിർവഹണത്തിന് തടസ്സം സൃഷ്ടിച്ചു എന്നാരോപിച്ചാണ് അറസ്റ്റ്. അധികാര കേന്ദ്രങ്ങളുമായി ചേർന്ന് ജനകീയ സമരത്തെ തകർക്കാൻ കമ്പനി നടത്തുന്ന ശ്രമങ്ങൾക്ക് മറ്റൊരു തെളിവുകൂടിയായി അകാരണമായ ഈ അറസ്റ്റ്. ബന്ധങ്ങൾക്ക്- 9745143069

## ലാലൂർ മാലിന്യപ്രശ്ന പരിഹാരം കൂടുതൽ പ്രശ്നങ്ങളിലേക്ക്

ലാലൂർ മാലിന്യപ്രശ്നത്തിന് പരിഹാരം കാണാൻ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ രൂപവത്കരിച്ച പത്തിയൂർ ഗോപിനാഥിന്റെ വികേന്ദ്രീകൃതമാലിന്യ സംസ്കരണപദ്ധതി നടപ്പാക്കാനിരിക്കെ കോർപ്പറേഷൻ മാലിന്യസംസ്കരണത്തിനായി വീണ്ടും ടെൻഡർ ക്ഷണിച്ചത് വിവാദമായി. കോർപ്പറേഷൻ തീരുമാനപ്രകാരമാണ് ടെൻഡർ പരസ്യം പത്രത്തിൽ കൊടുത്തതെന്നാണ് മേയറുടെ വിശദീകരണം. പത്തിയൂർ ഗോപിനാഥിന്റെ നേതൃത്വത്തിൽ പത്തു കോടിയുടെ വികേന്ദ്രീകൃതമാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ ഈ മാസം മൂന്നിനാണ് കോർപ്പറേഷൻ അനുമതി കൊടുത്തത്. മെയ് 17നകം സർക്കാർ ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുമെന്നും അതിന്റെ പിന്നാലെ പദ്ധതി നടപ്പാക്കുമെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇതിനിടയിൽ കോർപ്പറേഷൻ കാലാകാലമായി നടപ്പാക്കുന്ന സംസ്ക്കരണപ്രക്രിയയുടെ കാലാവധി തീർന്നുവെന്ന് പറഞ്ഞ് സംസ്ക്കരണപ്രക്രിയ നടത്തുന്നതിന് ആളെ ക്ഷണിച്ചുകൊണ്ട് പത്രത്തിൽ ടെൻഡർ നൽകിയ നടപടി അഴിമതി ലക്ഷ്യം വച്ചുള്ളതാണ് വ്യക്തമാണ്. എ ഡി ബി പദ്ധതിയിൽ പെടുത്തിയുള്ള കെ എസ് യു ഡി പിയുടെ കോടികളുടെ സംസ്ക്കരണ പദ്ധതിയും പാതി വഴിയിൽ കിടക്കുകയാണ്. മാലിന്യ സംസ്ക്കരണത്തിന് ഒരേ സമയം വ്യത്യസ്ത പദ്ധതികൾ നടപ്പാക്കാനുള്ള കോർപ്പറേഷന്റെ തീരുമാനം ലാലൂർ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള ഭരണകൂടത്തിന്റെ ഇച്ഛാശക്തിയില്ലായിമയാണ് വെളിപ്പെടുത്തുന്നത്.
ബന്ധങ്ങൾക്ക്- 9656019523